**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പയ്യന്നൂർ നഗരസഭ — ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി കർശന താക്കീത് നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 3342/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,07/12/2016.

പരാമർശം :- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 01.10.2014 തീയതിയിലെ സി.ടി.പി. (വിജി) 828/14 നമ്പർ കത്ത്.

2. പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശന് നൽകിയ 27.05.2015 തീയതിയിലെ തസ്വഭവ-ഇ.യു.1/213/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ.കെ.പി.ദിനേശൻ സമർപ്പിച്ച 21.08.2015 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 06.04.2016 തീയതിയിലെ വി2-14388/15 നമ്പർ കത്ത്.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പയ്യന്നൂർ നഗരസഭയിൽ നടത്തിയ പരിശോധനയിൽ അന്നത്തെ പ്രൊവിഷണൽ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശൻ ചട്ടം ലംഘിച്ച് ബി.എ. 732/12-13 പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകിയതായി കണ്ടെത്തുകയും ആയതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.പി.ദിനേശന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി

2. ശ്രീ.കെ.പി.ദിനേശൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ, നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് 44.10 ച.മീ. അളവിൽ ഒരു കൂട്ടിയെടുപ്പ് നടത്തുന്നതിനാണ് അപേക്ഷകൻ അപേക്ഷിച്ചിരുന്നതെന്നും പ്രസ്തുത പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ശുപാർശ ചെയ്തുവെന്നും, ആയതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും ടി പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടില്ലെന്നും അനുവദിച്ച പെർമിറ്റ്23.06.2014 തീയതിയിൽ റദ്ദ് ചെയ്തിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവത്തിലും മുനിസിപ്പൽ സെക്രട്ടറിയായി താല്ക്കാലികമായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിലും

മനപ്പൂർവ്വമല്ലാതെ വന്നു പോയ തെറ്റ് മാപ്പാക്കി തന്നെ കുറ്റ വിമുക്തനാക്കണമെന്നും ശ്രീ.കെ.പി.ദിനേശൻ അപേക്ഷിച്ചു.

3. കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിക്കുന്നത് എന്ന വാദം അംഗീകരിക്കത്തക്കതാണെന്നും ആയതിനാൽ ടിയാന്റെ പ്രതിവാദ പത്രിക പരിഗണിച്ച് മേൽ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടേയും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റേയും ശുപാർശകൾ പരിഗണിച്ച് പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശനെതിരായ അച്ചടക്ക നടപടി, മേലിൽ ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കരുതെന്ന കർശന താക്കീത് നൽകി, തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ എം.കെ.**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം (01.09.2016 തീയതിയിലെ സി.ടി.പി. (വിജി) 828/14 നമ്പർ പ്രകാരം).
ചെയർമാൻ/ ചെയർപേഴ്സൺ, പയ്യന്നൂർ നഗരസഭ.
ശ്രീ.കെ.പി.ദിനേശൻ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.